# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.10.2024**

### പ്രധാനവാർത്തകൾ

1. **ആത്മനിർഭർ ഭാരത് പ്രചരണം പൊതുബോധത്തിൻറെ ഭാഗമായി മാറിയതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി.**

2. **പാരിസ്ഥിതികാഘാതങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള ഗ്രാമ പദ്ധതിയിലേക്ക് കേരളത്തിലെ ആറ് ഗ്രാമങ്ങളെ തിരഞ്ഞെടുത്തതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.**

3. **എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4. **സംസ്ഥാനത്ത് വയനാട് ലോക്സഭാ മണ്ഡലത്തിലെയും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലെയും ഉപതിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ.**

5. **സംസ്ഥാന പട്ടികജാതി വകുപ്പിന് കീഴിലെ സ്കൂൾ കായികമേള 'കളിക്കളം 2024' നാളെ തിരുവനന്തപുരത്ത് ആരംഭിക്കും.**

6. **ന്യൂസിലൻറിനെതിരെയുള്ള വനിതാ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് 260 റൺ വിജയലക്ഷ്യം.**

**************************************

## മൻ കി ബാത്ത്

'ആത്മനിർഭർ ഭാരത്' പ്രചരണം പൊതു ബോധത്തിന്റെ ഭാഗമായി മാറിയെന്ന് പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വാശ്രയത്വം നമുക്ക് നയം മാത്രമല്ല, അഭിനിവേശം കൂടിയാണ്. ബിർസ മുണ്ട, സർദാർ വല്ലഭ്ഭായ് പട്ടേൽ തുടങ്ങിയ മഹാരഥന്മാരുടെ നൂറ്റിയൻപതാം ജന്മവാർഷികം ആഘോഷിക്കാൻ രാജ്യം ഒരുങ്ങുകയാണ്. ഇവയിൽ പങ്കാളികളാകാനും, നാനാത്വത്തിൽ ഏകത്വം എന്ന സങ്കൽപത്തെ ആഘോഷിക്കാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയ്സ് - പി.എം)

അനിമേഷൻ ലോകത്ത് പുത്തൻ വിപ്ലവം സൃഷ്ടിക്കാനുള്ള പാതയിലാണ് ഭാരതം. ഹോളിവുഡ് സിനിമകളിൽ ഉൾപ്പെടെ അനിമേഷൻ രംഗത്ത് ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കുന്ന ഹരിനാരായൺ രാജീവിൻറെ സംഭാവനകളെ പ്രധാനമന്ത്രി പരാമർശിച്ചു. വിവിധ തരം സൈബർ തട്ടിപ്പുകളെ കുറിച്ച് ജാഗ്രത പാലിക്കാൻ ശ്രീ. മോദി ആവശ്യപ്പെട്ടു. ഒക്ടോബർ 29-ന് സംഘടിപ്പിക്കുന്ന 'റൺ ഫോർ യൂണിറ്റി' പരിപാടിയിൽ പങ്കാളികളാകാനും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

*************************************

## കെ ആർ നാരായണൻ

മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ ജന്മവാർഷിക ദിനമായ ഇന്ന്, രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന് ആദരമർപ്പിച്ചു. രാഷ്ട്രപതി ഭവനിലെ കെ ആർ നാരായണന്റെ ചിത്രത്തിന് മുന്നിൽ ശ്രീമതി മുർമു പുഷ്പങ്ങൾ അർപ്പിച്ചു. ഇന്ത്യയുടെ ഒൻപതാമത്

RNU TVPM

രാഷ്ട്രപതിയായിരുന്നു, കേരളീയനായ കെ ആർ നാരായണൻ. ഉപരാഷ്ട്രപതി, നയതന്ത്രജ്ഞൻ, അംബാസഡർ എന്നീ സ്ഥാനങ്ങളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്.

***********************************

## ജനറൽ ആശുപത്രി - മുഖ്യമന്ത്രി

ആധുനിക ചികിത്സാരീതി, ഉപകരണങ്ങൾ എന്നിവയുടെ ഗുണപരമായ മാറ്റത്തിലൂടെ എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുന്നതിൽ കേരളം ഒന്നാം സ്ഥാനത്താണെന്നും, സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയുടെ മുഖച്ഛായ മാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ആലപ്പുഴ ജനറൽ ആശുപത്രിയിൽ 117 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച പുതിയ ഒ. പി ബഹുനില മന്ദിരത്തിന്റെയും ഉപകരണ സംവിധാനങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആശുപത്രിയിൽ സജ്ജമാക്കിയ എം ആർ ഐ സ്കാനിംഗ് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി സജി ചെറിയാനും സി.റ്റി സ്കാനിങ് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി പി പ്രസാദും നിർവഹിച്ചു.

RNU TVPM

***********************************

## മുതലപ്പൊഴി - ജോർജ് കുര്യൻ

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. 177 കോടി രൂപയുടെ പദ്ധതി ചിലവ്, 60:40 അനുപാതത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ വഹിക്കും. 106.2 കോടി രൂപ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജനയിലൂടെ കേന്ദ്രം നൽകും. 70.80 കോടിയാണ് സംസ്ഥാന വിഹിതം. സംസ്ഥാന

സർക്കാർ സമർപ്പിച്ച പുതിയ പദ്ധതിരൂപരേഖയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം. ഹാർബർ വിപുലീകരണത്തോടെ, 415 യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ലാൻഡ് ചെയ്യാനും പ്രതിവർഷം 38,142 മെട്രിക് ടൺ മത്സ്യം ഇറക്കാനും സാധിക്കും. പതിനായിരത്തിലധികം പേർക്ക് പ്രത്യക്ഷത്തിലും, അത്രയധികം പേർക്ക് പരോക്ഷമായും പദ്ധതിയുടെ പ്രയോജനം ലഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി 2014 -ൽ ഭരണം ഏറ്റെടുത്തതിനുശേഷം മത്സ്യബന്ധന രംഗത്ത് അഭൂതപൂർവമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് ശ്രീ. ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു.

**************************************

**ജോർജ് കുര്യൻ- ഗ്രാമങ്ങൾ, ഹാർബർ - ഇൻട്രോ**

പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയിൽ നിന്ന് നൂറ് ശതമാനം കേന്ദ്ര വിഹിതത്തോടേ നടത്തുന്ന പാരിസ്ഥിതികാഘാത അതിജീവന ശേഷിയുള്ള ഗ്രാമ പദ്ധതിയിലേക്ക് സംസ്ഥാനത്ത് നിന്ന് ആറ് ഗ്രാമങ്ങളെ തെരഞ്ഞെടുത്തതായി ശ്രീ. ജോർജ് കുര്യൻ അറിയിച്ചു. ചിലക്കൂർ, പുതുവൈപ്പിൻ, ഞാറക്കൽ, തോട്ടപ്പള്ളി, ഇരവിപുരം, അഴീക്കൽ എന്നിവയാണ് പദ്ധതിയിലുൾപ്പെട്ട ഗ്രാമങ്ങൾ. ഇവയുടെ വികസനത്തിനായി രണ്ട് കോടി രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്.

(ഹോൾഡ് വോയ്സ്)

സംസ്ഥാനത്തെ അഞ്ച് ഹാർബറുകൾ നവീകരിക്കാനും തീരുമാനമായതായി കേന്ദ്രമന്ത്രി പറഞ്ഞു. കാസർകോട്, പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി, അർത്തുങ്കൽ തുറമുഖങ്ങളാണ് നവീകരിക്കുക.

**************************************

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പ് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. ഇവിടങ്ങളിൽ മൂന്ന് മുന്നണികളും പ്രചാരണം ശക്തമാക്കി. വയനാട് യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധി നാളെ വീണ്ടും പ്രചരണത്തിനെത്തും. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചരണത്തിന്റെ ഭാഗമായുള്ള സുൽത്താൻബത്തേരി നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷൻ ഇന്ന് നടന്നു. എൻഡിഎ സ്ഥാനാർത്ഥി നവ്യാ ഹരിദാസും പ്രചരാണത്തിൽ സജീവമാണ്. പാലക്കാട് മണ്ഡലത്തിൽ മൂന്ന് മുന്നണി സ്ഥാനർത്ഥികളും ഇന്ന് നഗരസഭയിലെ വിവിധയിടങ്ങളിൽ പ്രചാരണം നടത്തി. ചേലക്കരയിലും പ്രചാരണം ഊർജിതമാവുകയാണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 23-ന് നടക്കും.

RNU TVPM

*************************************

## വയനാട് - തിരഞ്ഞെടുപ്പ്

വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വോട്ടെണ്ണൽ കേന്ദ്രമായി നിശ്ചയിച്ച കോഴിക്കോട് കൂടത്തായി സെന്റ് മേരീസ് എച്ച്എസ്എസ് വയനാട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥയും ജില്ലാ കളക്ടറുമായ ഡി ആർ മേഘശ്രീ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി.

*************************************

## ജലവൈദ്യുത പദ്ധതി- ഉദ്ഘാടനം

ഇടുക്കി തോട്ടിയാർ ജലവൈദ്യുത പദ്ധതി നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ലോവർ പെരിയാർ ജലവൈദ്യുത പദ്ധതി അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ, മന്ത്രിമാരായ കെ. കൃഷ്ണൻകുട്ടി, റോഷി അഗസ്റ്റിൻ തുടങ്ങിയവർ പങ്കെടുക്കും. 40 മെഗാവാട്ട് വൈദ്യുതി ഉൽപാദനശേഷിയാണ് തോട്ടിയാർ പദ്ധതിക്കുള്ളത്. ജനറേറ്റർ പ്രവർത്തിക്കാൻ കുറഞ്ഞ അളവിൽ ജലം മതിയെന്ന പ്രത്യേകതയുമുണ്ട്.

***********************************

## വിജയ് - പാർട്ടി

RNU TVPM

തമിഴ് നടൻ വിജയ് രൂപീകരിച്ച പാർട്ടിയായ തമിഴക വെട്രി കഴകത്തിന്റെ ആദ്യ സമ്മേളനം ഇന്ന് നടന്നു. വിഴുപുരം ജില്ലയിലെ വിക്രാവണ്ടിയിൽ വൈകിട്ട് ആരംഭിച്ച സമ്മേളനത്തിൽ പതിനായിരങ്ങളാണ് പങ്കെടുത്തത്. പാർട്ടിയുടെ ആദർശങ്ങളും ആശയങ്ങളും സംബന്ധിച്ച് വിജയ് പ്രവർത്തകരോട് വിശദീകരിച്ചു.

***********************************

## കളിക്കളം- കായികമേള

പട്ടികവർഗ വികസന വകുപ്പിന് കീഴിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാനതല കായിക മേള 'കളിക്കളം 2024' നാളെ ആരംഭിക്കും. തിരുവനന്തപുരം കാര്യവട്ടം എൽ.എൻ.സി.പി.ഇ-യിൽ നടക്കുന്ന മേള, മന്ത്രി ഒ. ആർ കേളു ഉദ്ഘാടനം ചെയ്യും.

***********************************

## വനിതാ ക്രിക്കറ്റ്

അഹമ്മദാബാദിൽ നടക്കുന്ന ന്യൂസിലൻഡിനെതിരെയുള്ള വനിത ഏകദിന ക്രിക്കറ്റ് മത്സരത്തിൽ, ഇന്ത്യക്ക് 260 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലാൻഡ്, നിശ്ചിത അൻപത് ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 259 റൺ എടുത്തു. ഇന്ത്യയുടെ മറുപടി ബാറ്റിംഗ് പുരോഗമിക്കുകയാണ്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൽ ഇന്ത്യ 14 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 70 റൺ നേടിയിട്ടുണ്ട്.

*************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബംഗാളിനെതിരെയുള്ള മത്സരത്തിൽ രണ്ടാം ദിനം കളി അവസാനിക്കുമ്പോൾ കേരളം നാല് വിക്കറ്റ് നഷ്ടത്തിൽ 51 റൺ എന്ന നിലയിൽ. ടോസ് നേടിയ ബംഗാൾ ഫീൽഡിങ് തെരഞ്ഞെടുക്കുകയായിരുന്നു. മഴ കാരണം കഴിഞ്ഞ ദിവസം കളി പൂർണമായും ഉപേക്ഷിച്ചിരുന്നു. ഇന്ന് ഉച്ചക്ക് ശേഷം മഴ മാറിയപ്പോഴാണ് കളി ആരംഭിച്ചത്.

RNU TVPM

*************************************

## ഫുട്ബാൾ

സാഫ് വനിത ഫുട്ബാൾ ചാമ്പ്യൻഷിപ്പിൽ അൽപ്പം മുൻപ് ആരംഭിച്ച സെമിഫൈനൽ മത്സരത്തിൽ ഇന്ത്യ, നേപ്പാളിനെ നേരിടുന്നു. കാഠ്മണ്ഡുവിലാണ് മത്സരം. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ-ഒഡീഷാ പോരാട്ടം. രാത്രി 7.30 ന് മുംബൈയിലാണ് മത്സരം.

*************************************

## കൊല്ലം – അഷ്ടമുടിക്കായൽ

കൊല്ലം അഷ്ടമുടിക്കായലിൽ വലിയതോതിൽ മത്സ്യങ്ങൾ ചത്തുപൊങ്ങി. മലിനീകരണം മൂലമാണ് മത്സ്യങ്ങൾ ചത്തതെന്നാണ് പ്രാഥമിക നിഗമനം.

*******************************************************

*************************************

**********************

RNU TVPM